ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള എഫ്.സി.ഐ. ഡിപ്പോയോ, ഗോഡൗണോ അടച്ചു പൂട്ടുവാൻ ഉദ്ദേശ്യമില്ലെന്ന് എഫ്.സി.ഐ. അധികൃതർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി & ഡി) തിരുവനന്തപുരത്ത് കൊച്ചുവേളിയിൽ പുതിയ റെയിൽവേ ടെർമിനൽ പണിയുന്നതിനായി നിലവിലുള്ള റെയിൽവെ ഗുഡ്ഷെഡ് നിർത്തലാക്കാൻ റെയിൽവേ തീരുമാനിച്ച സാഹചര്യത്തിൽ, വലിയതുറ എഫ്.സി.ഐ. ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കൊച്ചുവേളിയിൽ റെയിൽവേ ടെർമിനൽ പണിയുന്നതോടൊപ്പം വലിയതുറ എഫ്.സി.ഐ. ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കുന്നതിനും, സംഭരിക്കുന്നതിനുമായി "റെയിൽവേ സൈഡിംഗ്" കൂടി നിർമ്മിക്കണമെന്ന് റെയിൽവേ അധികൃതരോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

റേഷൻ കടകളുടെ ഫലപ്രദമായ നടത്തിപ്പ്

50 [364] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ന്യായ വിലയ്ക്ക് ഇപ്പോൾ വിതരണം നടത്തിവരുന്നത്;

(ബി) റേഷൻ കടകൾ വഴി വിതരണം നടത്തുന്ന അരി ഗുണനിലവാരം കുറഞ്ഞതാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) റേഷൻകടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, പി.ഡി.എസ്. ആട്ട എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന പലവ്യഞ്ജനങ്ങളും പയറുവർഗ്ഗങ്ങളും വിതരണം നടത്തിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻകടകൾ വഴി വിതരണം നടത്തുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനെടുക്കരുതെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly